ഭരണഭാഷ- മാതൃഭാഷ

No.TRY/3976/2025-F4

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം,
28-08-2025

പ്രേഷകൻ

ട്രഷറി ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ജില്ലാ/സബ് ട്രഷറി ഓഫീസർമാർക്കും

സർ,

വിഷയം: ട്രഷറി സേവിങ്സ് ബാങ്ക്-കസ്റ്റമർ ഐഡി ലിങ്കിംഗുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നത്-സംബന്ധിച്ച്.

സൂചന: വിവിധ പരിശോധനാ അധികാരികൾ ട്രഷറികളിൽ നടത്തിയ പരിശോധനാ റിപ്പോർട്ടുകളിൽ തീർപ്പാക്കാതെ അവശേഷിക്കുന്ന പരാമർശങ്ങൾ

വിഷയത്തിലേക്കും സൂചനകളിലേക്കും താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. എല്ലാ ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് ഉടമകളുടെയും KYC ലഭ്യമാക്കി CoreTSB-യിൽ അപ്ഡേഷൻ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് ഈ കാര്യാലയത്തിൽ നിന്നും നിരവധി നിർദ്ദേശങ്ങൾ ഇതിനോടകം തന്നെ നൽകിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി CoreTSB-യിൽ Customer ID-കൾ ലിങ്ക് ചെയ്യുന്നതുമായി ബന്ധപ്പെട്ട്, ഒട്ടേറെ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നതായി വിവിധ ജില്ലാ ട്രഷറി ഓഫീസർമാർ യോഗങ്ങളിൽ അറിയിച്ചിട്ടുണ്ട്. കൂടാതെ നിരവധി Customer ID-കൾ ഇപ്പോഴും ലിങ്ക് ചെയ്യപ്പെടാതെ അവശേഷിക്കുന്നതിനാൽ വിവിധ പരിശോധനാ അധികാരികൾ ട്രഷറികളിൽ നടത്തിയ പരിശോധനാ റിപ്പോർട്ടുകളിൽ ഇത് സംബന്ധിച്ച പരാമർശങ്ങൾ തീർപ്പാക്കാതെ നിലനിൽക്കുകയാണ്. ഈ സാഹചര്യത്തിൽ എല്ലാ ട്രഷറികളും CoreTSB-യിൽ ലഭ്യമായിരിക്കുന്ന Customer ID-കൾ പരിശോധനകൾക്ക് വിധേയമാക്കേണ്ടതും ലിങ്ക് ചെയ്യപ്പെടാതെ അവശേഷിക്കുന്നവ ചുവടെ വിശദീകരിക്കുന്ന രീതിയിൽ ലിങ്ക് ചെയ്യുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതുമാണ്.

**CoreTSB>>Customer>>KYC Reports**-ലെ ഓപ്ഷനുകളിൽ ലിസ്റ്റ് ചെയ്യപ്പെടുന്ന **Customer ID**-കളിൽ അക്കൗണ്ടുകൾ ഒന്നും തന്നെ നിലവിലില്ലാത്തവയുടെ **Customer ID-Confirmation Status 'No'** എന്നാക്കി

മാറ്റിയതിനുശേഷം KYC Report >> Customer Details Not Confirmed എന്ന ഓപ്ഷൻ മുഖേന ഡിലീറ്റ് ചെയ്യേണ്ടതാണ്.

CoreTSB-യിൽ generate ചെയ്യപ്പെട്ടിരിക്കുന്ന Customer ID-കൾ പരസ്പരം ലിങ്ക് ചെയ്യുവാൻ ചുവടെ നൽകിയിരിക്കുന്ന 3 ഓപ്ഷനുകളാണ് CoreTSB- ആപ്ളിക്കേഷനിൽ ലഭ്യമാക്കിയിട്ടുള്ളത്.

**1.KYC >> Link**

**2.KYC >> Manual Link**

**3.KYC >> Customer ID Mapping Special Cases**

**1. Link:-**

**Tsb Online Registration** നടത്തിയിട്ടില്ലാത്ത **ഇടപാടുകാരുടെ** Customer ID-കൾ പരസ്പരം ലിങ്ക് ചെയ്യുവാൻ ഈ ഓപ്ഷൻ മുഖേന കഴിയുന്നതാണ്. **ഇത്തരത്തിലുള്ള** ഇടപാടുകാരുടെ അക്കൗണ്ടുകളിൽ **eTSB** അക്കൗണ്ട് **ഉൾപ്പെടുന്ന** പക്ഷം, പ്രസ്തുത **eTSB അക്കൗണ്ടിന്റെ Customer ID-യിലേക്ക് മറ്റുള്ളവ ലിങ്ക് ചെയ്ത് നൽകേണ്ടതാണ്.**

**2.Manual Link:-**

വ്യത്യസ്ത **Customer** ഐഡി-**കളിൽ TSB, eTSB , PTSB** മുതലായ **അക്കൗണ്ടുകൾ നിലനിൽക്കുന്നതും eTSB** അക്കൗണ്ടുള്ള **Customer ID-യിൽ മാത്രം Online Registration** നടത്തിയിട്ടുള്ളതുമായ **Customer ID-കൾ** പരസ്പരം ലിങ്ക് ചെയ്യുവാൻ ഈ ഓപ്ഷൻ മുഖേന കഴിയുന്നതാണ്. ഇത്തരത്തിലുള്ള ഇടപാടുകാരുടെ Customer ID-കളിൽ **eTSB അക്കൗണ്ടിന് നൽകിയിട്ടുള്ള Customer ID-യിലേക്ക് മറ്റുള്ളവ ലിങ്ക് ചെയ്ത് നൽകേണ്ടതാണ്.**

**വ്യത്യസ്ത Customer ഐഡി-കളിൽ TSB, eTSB, PTSB മുതലായ അക്കൗണ്ടുകൾ** നിലനിൽക്കുന്നതും **Online Registration** നടത്തിയിട്ടില്ലാത്തതുമായ **അക്കൗണ്ടുകൾ** പരസ്പരം ലിങ്ക് ചെയ്യുവാനും ഈ ഓപ്ഷൻ മുഖേന കഴിയുന്നതാണ്. ഇത്തരത്തിലുള്ള ഇടപാടുകാരുടെ Customer ID-കളിൽ **eTSB അക്കൗണ്ടിന് നൽകിയിട്ടുള്ള Customer ID-യിലേക്ക് മറ്റുള്ളവ ലിങ്ക് ചെയ്ത് നൽകേണ്ടതാണ്.**

**eTSB അക്കൗണ്ട് നിലവിലില്ലാത്തതും TSB, PTSB തുടങ്ങിയ അക്കൗണ്ടുകൾ വ്യത്യസ്ത Customer ID-കളിൽ നിലനിൽക്കുന്നതും, എല്ലാ Customer ID-കളിലും Online Registration നടത്തിയിട്ടുള്ളതുമായവയുടെ** ലിങ്കിംഗ് Online Transaction History പരിശോധിച്ച് കുറഞ്ഞ Online ഇടപാടുകൾ

നടക്കുന്ന Customer ID-യിൽ നിലനിൽക്കുന്ന Online Registration Deactivate ചെയ്ത് നൽകിയതിനുശേഷം Manual Link ഓപ്ഷൻ മുഖേന ലിങ്ക് ചെയ്യാൻ കഴിയുന്നതാണ്.

**3. Customer ID Maping-Special Cases:-**

സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാരുടെ **eTSB** അക്കൗണ്ടുകൾ ക്ലോസ് ചെയ്യപ്പെടാതെ നിലനിൽക്കുന്നതും **Online Registration** നടത്തിയിട്ടുള്ളതുമായ **Customer ID**-കളും, അവരുടെ **TSB** അക്കൗണ്ടുകൾ നിലനിൽക്കുന്നതും **Online Registration** നടത്തിയിട്ടുള്ളതുമായ **Customer ID**-കളും തമ്മിൽ ലിങ്ക് ചെയ്യുമ്പോൾ പ്രാഥമികമായി പ്രസ്തുത ജീവനക്കാരന്റെ **eTSB** അക്കൗണ്ട് ക്ലോസ്സ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച ശേഷം പ്രസ്തുത **Customer ID**-യിലെ **eTSB** അക്കൗണ്ടുകളുടെ **Online registration Deactivate** ചെയ്യേണ്ടതാണ്. തുടർന്ന് **TSB** അക്കൗണ്ടുകൾ നിലനിൽക്കുന്ന **Customer ID**-യിലേക്ക് മറ്റുള്ളവ ലിങ്ക് ചെയ്യേണ്ടതുമാണ്.

**TSB Online User Registration Deactivate** ചെയ്യുന്നതിനുള്ള സൗകര്യം **TSB Online >> User Status Change** എന്ന ഓപ്ഷൻ വഴി എല്ലാ **DTO/ADTO/ATO/STO**-മാർക്കും ലഭ്യമാണ് എന്നതും അറിയിക്കുന്നു.

മേൽ നിർദ്ദേശങ്ങൾ പ്രകാരമുള്ള നടപടികൾ എല്ലാ ട്രഷറികളും **30/11/2025**-ന് മുൻപായി പൂർത്തിയാക്കേണ്ടതും തുടർന്നും വിവിധ കാരണങ്ങളാൽ ലിങ്ക് ചെയ്യപ്പെടാൻ കഴിയാതെ അവശേഷിക്കുന്നവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് **2025** ഡിസംബർ **31**--ന് മുൻപായി ജില്ലാ ട്രഷറി തലത്തിൽ ക്രോഡീകരിച്ച് ഈ ഓഫീസിലെ **F** സെക്ഷനിലെ **fsec.treasury@kerala.gov.in** എന്ന മെയിൽ ഐഡി-യിൽ ലഭ്യമാക്കേണ്ടതുമാണ്.

കൂടാതെ ഇതിന്റെ പുരോഗതി സംബന്ധിച്ച കണക്കുകൾ ജില്ലാ ട്രഷറി ഓഫീസർമാരുടെ യോഗത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

വിശ്വസ്തതയോടെ

Signed by
Sajan V
Date: 29-08-2025 10:35:49

**V SAJAN**
**DIRECTOR**

പകർപ്പ്

എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും

---

Directorate of Treasuries, Pattom, Pattom Palace. P.O, Thiruvananthapuram, Kerala 695004
Website: www.treasury.kerala.gov.in, Email:treasury@kerala.gov.in
Ph: 0471-2323963,2322712 , FAX:0471-2324229